രൂപ വരെയും മറ്റ് സംസ്ഥാനങ്ങളിൽവച്ച് സൈനിക സേവനത്തിനിടയിൽ മരണമടഞ്ഞ സൈനികരുടെ ആശ്രിതർക്ക് 2 ലക്ഷം മുതൽ 3 ലക്ഷം രൂപ വരെയും മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽനിന്ന് സഹായധനമായി അനുവദിച്ചിട്ടുണ്ട്. 7 സൈനികരുടെ ആശ്രിതർക്ക് ഇപ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. മറ്റുള്ളവരുടെ അപേക്ഷയും മറ്റ് ബന്ധപ്പെട്ട രേഖകളും ലഭിക്കുന്ന മുറയ്ക്ക് അവർക്കും ധനസഹായവും അർഹതപ്പെട്ട മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്.

തെരഞ്ഞെടുപ്പ് ചട്ടം ലംഘിച്ചതിന് നടപടി

39 (695)ശ്രീ. ഡൊമനിക് പ്രസന്റേഷൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാന ട്രാൻസ്പോർട്ട് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.കെ. ദിവാകരൻ തെരഞ്ഞെടുപ്പു ചട്ടം ലംഘിച്ചതായി മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ കണ്ടെത്തിയിട്ടുള്ളതായി അറിവുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലെന്ന് പറയുമോ;

(സി) ഇപ്പോൾ തെരഞ്ഞെടുപ്പ് ചട്ടം ലംഘിച്ചതിന്റെ പേരിൽ നടപടി എടുക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതനുസരിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി പ്രസിദ്ധീകരിച്ച ഒരു നോട്ടീസ് സംബന്ധിച്ച് ശ്രീ. പി.വി. മാധവ കൈമൾ കമ്മീഷണർക്ക് നൽകിയിരുന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയശേഷം തിരഞ്ഞെടുപ്പ് കമ്മീഷനിൽനിന്നും ലഭിച്ച നിർദ്ദേശം നടപ്പിലാക്കുവാൻ നടപടികൾ നടന്നുവരികയാണ്.

അലിയാർ ഡാമിന്റെ നിർമ്മാണച്ചെലവ്

40 (696)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം അലിയാർ അന്തർ സംസ്ഥാന നദീജല കരാർ പ്രകാരം അലിയാർ ഡാം നിർമ്മാണ ചെലവിന്റെ വിഹിതം 24.12.76-ൽ തമിഴ്നാട് സർക്കാർ ആവശ്യപ്പെട്ടിട്ടും കേരളം നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 1970 മുതൽ ഓരോ വർഷവും അലിയാർ ഡാമിലുണ്ടായ ഭാരതപ്പുഴ ജലസംഭരണം എത്രയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly